©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

വാല്യം 7
Vol. VII

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2018 ജൂലൈ 24
24th July 2018

1193 കർക്കടകം 8
8th Karkadakam 1193

1940 ശ്രാവണം 2
2nd Sravana 1940

നമ്പർ
No. 30

# PART III

# Irrigation Department

## ലഘു ദർഘാസ് പരസ്യം

നമ്പർ ഡി1-705/2018 ടി.എൻ.ക്യു.ടി.എൻ. 2018 ജൂലൈ 17.

തിരുവനന്തപുരം വൻകിട ജലസേചന ഉപവിഭാഗം സൗത്ത് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള ഗവർണ്ണർക്കുവേണ്ടി താഴെ പറയുന്ന പ്രവൃത്തിക്ക് അനുയോജ്യരായ അംഗീകൃത കരാറുകാരിൽ നിന്നും മത്സരസ്വഭാവമുള്ള ദർഘാസുകൾ പ്രവൃത്തിയുടെ പേരും ദർഘാസ് നമ്പരും ആലേഖനം ചെയ്ത മുദ്രവച്ച കവറുകളിൽ രജിസ്റ്റർ ചെയ്ത തപാലിൽ ക്ഷണിച്ചുകൊള്ളുന്നു. കൊറിയർ സർവ്വീസ് മുഖേന ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. പ്രസ്തുത ദിവസം അവധിയാകുന്നപക്ഷം അടുത്ത പ്രവൃത്തി ദിവസം ഇതേ സമയങ്ങളിൽ ദർഘാസുകൾ സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്.

ദർഘാസ് നമ്പരും പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും—1/എഇഇ/2018-19—2018-ലെ കർക്കിടക വാവ് ബലിയോടനുബന്ധിച്ച് അരുവിക്കര ചെക്ക് ഡാമിന്റെയും ബലിക്കടവിന്റെയും അറ്റകുറ്റ പ്രവർത്തികളും ശുചീകരണ പ്രവർത്തികളും—₹ 1,12,865.

നിരതദ്രവ്യം—₹ 2,600.

ദർഘാസ് പ്രമാണത്തിന്റെ വില—₹ 630.

ദർഘാസ് പ്രമാണങ്ങൾ ലഭിക്കേണ്ട തീയതിയും സമയവും—25-7-2018, 4 മണി വരെ.

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—27-7-2018, 3 മണി വരെ.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—27-7-2018, 3.30 മണി.

കരാറുകാരുടെ യോഗ്യത—'ഡി' യും അതിനു മുകളിലും.

പണി തീർക്കേണ്ട കാലാവധി—10 ദിവസം.

കേരള സർക്കാരിന്റെ ₹ 200-ന്റെ മുദ്രപത്രത്തിൽ ജലസേചന വകുപ്പിന് ബാധകമായ പ്രാഥമിക കരാറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അധികാരപ്പെടുത്തി ആവശ്യമായ സ്റ്റാമ്പ് പതിച്ച് ഒപ്പിട്ട നിരതദ്രവ്യവും ഉള്ളടക്കം ചെയ്തിട്ടില്ലാത്ത ദർഘാസുകൾ നിരുപാധികം നിരസിക്കുന്നതാണ്. 1990-ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ എല്ലാ വ്യവസ്ഥകളും ജലസേചന വകുപ്പിലെ ദർഘാസുകളെ സംബന്ധിക്കുന്ന എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമാണ്.

Gaz. No. 30/2018/DTP (Irrigation).

തൊഴിലാളി സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന ദർഘാസുകളോടൊപ്പം ജി. ഒ. (എംഎസ്.) 135/97 കോ-ഓപ്പറേറ്റീവ്, തീയതി 13-11-1997-ൽ നിഷ്കർഷിക്കുന്ന സർട്ടിഫിക്കറ്റും കൈവശമുള്ള പ്രവൃത്തികളുടെ വിവരങ്ങളും ഉള്ളടക്കം ചെയ്യേണ്ടതാണ്.

പൊതുമരാമത്ത് വകുപ്പ്/ജലസേചന വകുപ്പ് എന്നീ ഡിപ്പാർട്ട്മെന്റിലെ ദർഘാസുകളെ സംബന്ധിക്കുന്ന എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
ഇറിഗേഷൻ സൗത്ത് സബ്ഡിവിഷൻ
തിരുവനന്തപുരം.

(ഒപ്പ്)
അസിസ്റ്റന്റ്
എക്സിക്യൂട്ടീവ്
എഞ്ചിനീയർ.

---

## പുനർ ലേലപ്പരസ്യം

നമ്പർ എ5-1577/2014. 2018 ജൂൺ 28.

കേരള ഗവർണ്ണർക്കുവേണ്ടി മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് ഡിവിഷൻ നമ്പർ 3, എക്സിക്യൂട്ടീവ് എൻജിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ താഴെ പറയുന്ന ഉപയോഗയോഗ്യമല്ലാത്ത ഡിപ്പാർട്ടുമെന്റ് മെഷീനറികൾ താഴെപറയുന്ന തീയതിയിലും സ്ഥലത്തും വച്ച് പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്.

| ക്രമ നമ്പർ | ഡിവിഷൻ എസ്. ആർ. നമ്പരും ഇനവിവരവും | നിരതദ്രവ്യം ` |
|---|---|---|
| (1) | (2) | (3) |
| 1 | 4/2014-15—ഡീസൽ റോഡ് റോളർ—Reg. No. GRW-73533354 | 7,500 |
| 2 | 5/2014-15—ഡീസൽ റോഡ് റോളർ—Reg. No. 18003204 | 17,500 |
| 3 | 10/2014-15—ഡീസൽ റോഡ് റോളർ—KL-17A-2056 | 24,000 |
| 4 | 11/2014-15—കൺസോളിഡേറ്റഡ് ന്യൂമാറ്റിക് കംപ്രസർ—ALU-370/33 | 15,000 |
| 5 | 17/2014-15—ഡീസൽ റോഡ് റോളർ (J-8793)—Reg. No. KL-17A-2298 | 24,000 |

ലേല സ്ഥലം—എം. വി. ഐ. പി. കൂത്താട്ടുകുളം ഓഫീസ് കോംപ്ലക്സ്.

ലേല തീയതിയും സമയവും—ക്രമനമ്പർ 1-ന് 7-8-2018, 11.30 മണി; ക്രമനമ്പർ 2-ന്, 7-8-2018, 12 മണി; ക്രമനമ്പർ 3-ന് 7-8-2018 ഉച്ചകഴിഞ്ഞ് 12.30 മണി; ക്രമനമ്പർ 4-ന് 7-8-2018 ഉച്ചകഴിഞ്ഞ് 1 മണി; ക്രമനമ്പർ 5-ന് 7-8-2018 ഉച്ചകഴിഞ്ഞ് 2 മണി.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിനു മുൻപായി മുകളിൽ കാണിച്ചിരിക്കുന്ന നിരക്കിലുള്ള നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്.

ടി ആവശ്യത്തിലേക്കായി മുദ്രവച്ച ക്വട്ടേഷനുകളും സമർപ്പിക്കാവുന്നതാണ്. ക്വട്ടേഷനുകൾക്ക് പ്രസ്തുത ഫോറം ഉണ്ടായിരിക്കുന്നതല്ല. മുദ്രവച്ച ക്വട്ടേഷനുകൾ ലേലത്തിന്റെ തലേ ദിവസം വൈകുന്നേരം 4 മണിവരെ രജിസ്റ്റേർഡ് തപാൽ/നേരിട്ട് മൂവാറ്റുപുഴ എം. വി. ഐ. പി. ഡിവിഷൻ നമ്പർ-3 ഓഫീസിൽ സ്വീകരിക്കുന്നതാണ്. ക്വട്ടേഷനോടൊപ്പം മുകളിൽ പറഞ്ഞിരിക്കുന്ന നിരതദ്രവ്യം ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽനിന്നും മൂവാറ്റുപുഴ എം. വി. ഐ. പി. ഡിവിഷൻ നമ്പർ-3, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ വാങ്ങിയിട്ടുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്. തുക ഡിമാന്റ് ഡ്രാഫ്റ്റ് ആയി ഉള്ളടക്കം ചെയ്യാത്തതും താമസിച്ച് ലഭിക്കുന്നതുമായ ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ക്വട്ടേഷൻ സമർപ്പിച്ചവർക്കും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലാനന്തരം ക്വട്ടേഷനുകൾ തുറക്കുന്നതും കൂടുതൽ തുക ലേലംകൊണ്ടോ ക്വട്ടേഷൻ കൊണ്ടോ സമർപ്പിച്ചയാളുടെ പേർക്ക് ക്വട്ടേഷൻ/ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേലത്തുകയും 5% സെക്യൂരിറ്റിയും നിലവിലുള്ള ജി.എസ്.ടി. 18 ശതമാനവും ചേർത്തുള്ള തുക ലേല സ്ഥലത്തുവച്ച് തന്നെ അടച്ച് രസീത് വാങ്ങേണ്ടതുമാണ്. സെക്യൂരിറ്റി തുക എക്സിക്യൂട്ടീവ് എൻജിനീയർ, എം.വി.ഐ.പി. ഡിവിഷൻ നമ്പർ 3, മൂവാറ്റുപുഴയുടെ പേരിൽ പ്ലഡ്ജ് ചെയ്ത് ഡിമാന്റ് ഡ്രാഫ്റ്റ് ആയി സമർപ്പിക്കേണ്ടതാണ്. ലേലം ഉറപ്പിച്ച വിവരത്തിന് നോട്ടീസ് കിട്ടിയശേഷം മാത്രമേ സ്ഥലത്തുനിന്നും മെഷീനറികൾ നീക്കം ചെയ്യാൻപാടുള്ളു. കൂടുതൽ വിവരത്തിന് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്. എന്തെങ്കിലും കാരണവശാൽ അന്നേ ദിവസം ലേലം നടത്തുവാൻ സാധിക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം മറ്റൊരു നോട്ടീസ് കൂടാതെ ലേലം നടത്തുന്നതായിരിക്കും. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ ക്വട്ടേഷൻ/ലേലം സംബന്ധിച്ച് നിലവിലുള്ള എല്ലാ നിയമങ്ങളും ഇതിനും ബാധകമായിരിക്കുന്നതാണ്.

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ
കാര്യാലയം, എം.വി.ഐ.പി.
ഡിവിഷൻ നമ്പർ-3,
മൂവാറ്റുപുഴ.

(ഒപ്പ്)
എക്സിക്യൂട്ടീവ് എഞ്ചിനീയർ.

---

## പുനർ ദർഘാസ് പരസ്യം

നമ്പർ ഡി5-1515/2017-NHP. 2018 ജൂലൈ 10.

കേരള ഗവർണ്ണർക്കുവേണ്ടി തൃശ്ശൂർ ഹൈഡ്രോളജി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവൃത്തിക്ക് നിശ്ചിത യോഗ്യതയുള്ള കരാറുകാരിൽ നിന്നും പ്രവൃത്തിയുടെ പേരെഴുതി മുദ്രവച്ച കവറുകളിൽ മത്സരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ ഇൻഡ്യൻ തപാൽ വകുപ്പ് മുഖേന രജിസ്റ്റേർഡായോ സ്പീഡ് പോസ്റ്റായോ മാത്രമേ സ്വീകരിക്കുകയുള്ളു. തപാലിൽ ഉണ്ടാകുന്ന കാലതാമസത്തിന് ഈ ഓഫീസ് ഉത്തരവാദിയാകുന്നതല്ല. ദർഘാസുകൾ താഴെ പറയുന്ന തീയതിയിലും സമയത്തും സ്വീകരിക്കുന്നതും എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥരോ തൽസമയം ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം അവധിയായിരുന്നാൽ അതിനടുത്ത പ്രവൃത്തിദിവസം ദർഘാസുകൾ പരിഗണിക്കുന്നതാണ്.

ദർഘാസ് നമ്പർ—4/ഇഇ/ഹൈഡ്രോളജി/2017-18.

പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും—എൻ.എച്ച്.പി.—A1.1.05.01 ആളൂർ റിവർ ഗേജ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന പുഴയുടെ തീരസംരക്ഷണം—₹ 3,18,000.

നിരതദ്രവ്യം—₹ 8,000.

ദർഘാസ് പ്രമാണത്തിന്റെ വില—₹ 700 + GST @ 12%.

ദർഘാസ് ഫോറം വിൽക്കുന്ന തീയതിയും സമയവും—24-7-2018 മുതൽ 26-7-2018 വരെ പ്രവൃത്തി സമയങ്ങളിൽ 4 മണിവരെ.

ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—31-7-2018, 3 മണിവരെ.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—31-7-2018, 3.30 മണി.

കരാറുകാരന്റെ ക്ലാസ്സ്—'ഡി' ക്ലാസ്സും അതിനുമുകളിലും.

പ്രവൃത്തി തീർക്കേണ്ട കാലാവധി—9 മാസം.

കേരള ജലസേചന/പൊതുമരാമത്ത് വകുപ്പിൽ ഡി ക്ലാസ്സോ അതിന് മുകളിലോ രജിസ്ട്രേഷനുള്ള അർഹരായ കരാറുകാർക്ക് മാത്രമേ ദർഘാസ് ലഭ്യമാകുകയുള്ളൂ. ദർഘാസ് സംബന്ധമായ വിവരങ്ങൾ താഴെ ഒപ്പുവച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽനിന്നും എല്ലാ പ്രവൃത്തി ദിവസങ്ങളിലും അറിയാവുന്നതാണ്. ദർഘാസ് പ്രമാണം വാങ്ങിക്കുവാൻ രജിസ്ട്രേഷൻ കാർഡ് കൊണ്ടുവരേണ്ടതാണ്. ദർഘാസ് പ്രമാണങ്ങൾ പരസ്പരം കൈമാറാൻ പാടില്ലാത്തതാകുന്നു. ദർഘാസിനോടൊപ്പം ₹ 200-ന്റെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പിട്ട് അടക്കം ചെയ്തിരിക്കേണ്ടതാണ്. നിരതദ്രവ്യം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുള്ളതും അദ്ദേഹത്തിന് ഏത് സമയത്തും മാറത്തക്ക വിധത്തിൽ അധികാരപ്പെടുത്തിയതുമായിരിക്കണം. പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടിവയ്ക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്.

നിരതദ്രവ്യമായി എടുക്കുന്ന നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്/കിസാൻ വികാസ് പത്രം എന്നിവ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ പണയപ്പെടുത്തിയിരിക്കണം. ഇന്ദിരാ വികാസ് പത്രങ്ങൾ നിരതദ്രവ്യമായി സ്വീകരിക്കുന്നതല്ല.

കേരള നിർമ്മാണതൊഴിലാളി ക്ഷേമനിധി നിയമത്തിന്റെ 8/3 വകുപ്പ് ഈ ദർഘാസിനും ബാധകമായിരിക്കും. കേരള പൊതുമരാമത്ത്/ജലസേചന വകുപ്പിലെ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായിരിക്കും.

ജി.ഒ. (എം.എസ്.) നമ്പർ 135/97/കോ. ഓപ്പ്. തീയതി 13-11-1997-ലുള്ള നിബന്ധനകൾക്ക് വിധേയമായി മാത്രമേ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങളിൽ നിന്നും ടെണ്ടറുകൾ സ്വീകരിക്കുകയുള്ളൂ.

മേൽപ്പറഞ്ഞ ഗവൺമെന്റ് ഓർഡർ പ്രകാരം കഴിഞ്ഞ 3 വർഷത്തെ പണി പൂർത്തിയാക്കിയതിന്റെ രേഖകൾ ബന്ധപ്പെട്ട ഓഫീസിൽ നിന്നുംതന്നെ കൊണ്ടുവരേണ്ടതാണ്. യാതൊരു കാരണവശാലും അഡ്വാൻസ് പേമെന്റ് നൽകുന്നതല്ല.

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ഹൈഡ്രോളജി ഡിവിഷൻ, ചെമ്പൂക്കാവ്, തൃശ്ശൂർ-20.
ഫോൺ-0487 2332552.

(ഒപ്പ്)
എക്സിക്യൂട്ടീവ് എഞ്ചിനീയർ.

---

ദർഘാസ് പരസ്യം

നമ്പർ എ6/സ്റ്റാൾ ടെണ്ടർ/2018-19. 2018 ജൂൺ 29.

കേരള ഗവർണ്ണർക്കുവേണ്ടി മലമ്പുഴ ജലസേചന ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലമ്പുഴ പുതിയ ബസ്റ്റാന്റിലെ കടകളായ ഷോപ്പ് നം. 1, ഷോപ്പ് നം. 2, ഷോപ്പ് നം. 3 സ്റ്റാളുകൾ ഏറ്റെടുത്ത് 3 വർഷക്കാലത്തേക്ക് പ്രവർത്തിപ്പിക്കുന്നതിന് മുദ്രവെച്ച കവറുകളിൽ മൽസരസ്വഭാവമുള്ള ദർഘാസുകൾ തപാലിൽ രജിസ്റ്റേർഡ്/സ്പീഡ് പോസ്റ്റായി മാത്രം ക്ഷണിച്ചുകൊള്ളുന്നു. തപാലിൽ ഉണ്ടാകുന്ന കാലതാമസത്തിന് ഈ വകുപ്പ് ഉത്തരവാദിയാകുന്നതല്ല. ആയതിന്റെ ലേലം 31-7-2018-ന് വൈകുന്നേരം 3 മണിക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ വെച്ചു നടത്തുന്നതും ലേലാവസാനം ഹാജരുള്ള ലേലക്കാരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതും കൂടുതൽ തുകയ്ക്ക് ലേലം/ദർഘാസ് നൽകിയ വ്യക്തിയുടെ പേരിൽ താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. ലേലത്തിൽ പങ്കെടുക്കുവാനുള്ള അവകാശം ദർഘാസ് സമർപ്പിച്ച വ്യക്തികൾക്കു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

നിബന്ധനകൾ

1. ദർഘാസ് പ്രമാണത്തിൽ സൂചിപ്പിച്ചിരിക്കുന്ന മിനിമം ലൈസൻസ് ഫീയേക്കാൾ കൂടിയ തുകയായിരിക്കണം മൽസരാർത്ഥി ദർഘാസിൽ രേഖപ്പെടുത്തേണ്ടത്.
2. ദർഘാസ് പ്രമാണത്തോടൊപ്പം രേഖപ്പെടുത്തുന്ന തുകയുടെ 2.5% നിരതദ്രവ്യം ഡിമാന്റ് ഡ്രാഫ്റ്റായി (ഡി.ഡി.) ദേശസാൽകൃത ബാങ്കുകളുടെ/ഷെഡ്യൂൾ ബാങ്കുകളിൽ നിന്ന് എടുത്തവമാത്രം സ്വീകരിക്കുന്നതാണ്. നിരതദ്രവ്യം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുള്ളതും അദ്ദേഹത്തിന് ഏതു സമയത്തും മാറത്തക്കവിധത്തിൽ അധികാരപ്പെടുത്തിയതുമായിരിക്കണം.
3. ദർഘാസ് പ്രമാണത്തോടൊപ്പം നിരതദ്രവ്യം ₹ 200-ന്റെ മുദ്രപ്പത്രത്തിൽ ഉള്ള ഒപ്പിട്ട പ്രാഥമിക ഉടമ്പടി സഹിതം കവറിൽ മേൽ പ്രസ്താവിച്ച തീയതിക്കുമുമ്പായി ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
4. ലേലം സ്ഥിരമായി ഉറപ്പിച്ച് ഉത്തരവ് ലഭിച്ചതിനുശേഷം നിശ്ചിത മാതൃകയിലുള്ള ഉടമ്പടി ഒപ്പിട്ടതിനുശേഷമേ ലേലം കൊണ്ടയാൾക്ക് കൈവശാവകാശം ലഭിക്കുകയുള്ളൂ.
5. ദർഘാസ് സമർപ്പിക്കുന്ന കവറിനുമുകളിൽ ടെണ്ടർ നമ്പർ, സ്റ്റാളിന്റെ പേര്, കരാറുകാരന്റെ പൂർണ്ണ മേൽവിലാസം എന്നിവ രേഖപ്പെടുത്തേണ്ടതാണ്.
6. സ്റ്റാളിനുപുറമെ യാതൊരു വിധത്തിലുള്ള കൂട്ടിച്ചേർക്കലും അനുവദിക്കുന്നതല്ല.

7. ജലസേചന വകുപ്പിൽ ലേലത്തെ സംബന്ധിച്ച് നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

8. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് എപ്പോൾ വേണമെങ്കിലും ഒരു മാസത്തെ നോട്ടീസ് നൽകി കട ഒഴിവാക്കുന്നതിനുള്ള പൂർണ്ണമായ അധികാരം നിക്ഷിപ്തമാണ്.

9. ലേലത്തെ സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയറെടുക്കുന്ന എല്ലാ തീരുമാനങ്ങളും അന്തിമമായിരിക്കും.

10. മുൻകാലങ്ങളിൽ ഏറ്റവും ഉയർന്ന തുക ക്വാട്ട് ചെയ്ത് എഗ്രിമെന്റ് വയ്ക്കാത്തവരേയും ലേലമെടുത്ത് കാലാവധിക്കുമുൻപ് ഒഴിവാകുകയും അല്ലെങ്കിൽ സാമ്പത്തിക ബാധ്യത വരുത്തിയവരേയും വകുപ്പിനെതിരെ അനാവശ്യകേസ്, പരാതി തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുള്ളവരെയും ഈ കാര്യാലയത്തിൽ നിന്നും ഏതെങ്കിലും കാരണവശാൽ കട ഒഴിപ്പിക്കുകയും നിയമനടപടികൾ എടുത്തിട്ടുള്ളവരെയും ഈ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

11. ഓരോ സ്റ്റാളിനും അനുവദിച്ചിട്ടുള്ള സാധനങ്ങൾ മാത്രമേ വിൽപ്പന/സേവനം നടത്തുവാൻ പാടുള്ളൂ.

12. നിയമ വിരുദ്ധമായ പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടാൽ പിഴ യായി ആദ്യത്തെ പ്രാവശ്യം ` 5,000-ം രണ്ടാമത്തെ പ്രാവശ്യം ` 10,000-ം മൂന്നാമത്തെ പ്രാവശ്യം കരാർ റദ്ദു ചെയ്യുന്നതുമായിരിക്കും.

13. എഗ്രിമെന്റ് കാലാവധി കഴിയുന്നതിനുമുമ്പ് സ്റ്റാൾ ഒഴിഞ്ഞാൽ സർക്കാരിനു വരുന്ന സാമ്പത്തിക നഷ്ടം/ കഷ്ടനഷ്ടങ്ങളും തുടർന്ന് പുനക്രമീകരിക്കുന്നതിനുള്ള നഷ്ടങ്ങളും ഈടാക്കുന്നതാണ്.

14. ആധാറും ഇലക്ഷൻ തിരിച്ചറിയൽ കാർഡും ഒരു പകർപ്പ് സഹിതം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

15. മാലിന്യങ്ങൾ, പ്ലാസ്റ്റിക്, വൃത്തിഹീനമായ അവസ്ഥ, ആരോഗ്യ പ്രശ്നം, പെരുമാറ്റദൂഷ്യം, നിയമപരമായി സർക്കാർ വകുപ്പുകളുമായി ഉണ്ടാകുന്ന മറ്റു പ്രശ്നങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ യാതൊരു മുന്നറിയിപ്പും കൂടാതെ കട ഒഴിപ്പിക്കുന്നതാണ്.

16. കാലാകാലങ്ങളിൽ, സർക്കാരും ഈ വകുപ്പും നിശ്ചയിക്കുന്ന നിയമങ്ങളും എക്സിക്യൂട്ടീവ് എഞ്ചിനീയർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങളും ഇതിന് ബാധകമായിരിക്കും.

| ക്രമ നമ്പർ | ടെണ്ടർ നമ്പർ | ഇനം | വിൽപന സ്വഭാവം/ സാധനങ്ങൾ | ഏറ്റവും കുറഞ്ഞ വാർഷിക ലൈസൻസ് ഫീ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 10/18-19 | ഷോപ്പ് നമ്പർ-1 | ടീ ഷോപ്പ്, മിൽമ ഐറ്റംസ്, ബേക്കറി ഐറ്റംസ് | 1,25,708 |
| 2 | 11/18-19 | ഷോപ്പ് നമ്പർ-2 | ഫാൻസി, ബുക്ക് സ്റ്റാൾ, മൊബൈൽ റീചാർജ്ജ്, മൊബൈൽ ആക്സസറീസ് | 1,15,708 |
| 3 | 12/18-19 | ഷോപ്പ് നമ്പർ-3 | ഹാർഡ്വെയർ (ഫിറ്റിംഗ്സ് മാത്രം), പ്ലംബിങ്ങ് (ഫിറ്റിംഗ്സ് മാത്രം), ഇലക്ട്രിക്കൽ ഐറ്റംസ് (ഫിറ്റിംഗ്സ് മാത്രം) | 1,26,480 |

നിരതദ്രവ്യം—ക്വാട്ട് ചെയ്യുന്ന തുകയുടെ 2.5%.

ദർഘാസ് പ്രമാണത്തിന്റെ വില—` 525 + ജി.എസ്.ടി.

കാലാവധി—3 വർഷം.

ദർഘാസ്/ലേല പ്രമാണങ്ങൾ 26-7-2018-ന് 1 മണി വരെ വിൽപ്പന നടത്തുന്നതും പൂരിപ്പിച്ച ദർഘാസുകൾ രജിസ്റ്റേർഡ്/സ്പീഡ് പോസ്റ്റ് മുഖേന 31-7-2018-ന് വൈകിട്ട് 2 മണിവരെ ഈ കാര്യാലയത്തിൽ സ്വീകരിക്കുന്നതു മായിരിക്കും.

31-7-2018-ന് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റു ഉദ്യോഗസ്ഥനോ തൽസമയം ഹാജരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ വൈകുന്നേരം 3 മണിക്ക് ലേലം നടത്തുന്നതായിരിക്കും. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം അവധിയായിരുന്നാൽ അതിനടുത്ത പ്രവർത്തി ദിവസം ദർഘാസുകൾ പരിഗണിക്കു ന്നതാണ്. ദർഘാസ് പ്രമാണങ്ങൾ തുറക്കുന്നതിനു മുന്നോടിയായി തുറന്ന ലേലം വിളി നടത്തുന്നതാണ്. ദർഘാസ് പ്രമാണം സമർപ്പിച്ച വ്യക്തികളെ മാത്രമേ ലേലം വിളിയിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ. ലേലം വിളിയിൽ പങ്കെടുക്കുന്നവർ ` 10,000 (എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ളത്) ഡി.ഡി. മുൻകൂറായി കെട്ടിവെയ്ക്കേണ്ടതാണ്. തുടർന്ന് ദർഘാസ് പ്രമാണങ്ങൾ തുറക്കുന്നതുമായിരിക്കും.

ലേലത്തിൽ പങ്കെടുത്ത് ഉയർന്ന തുക ക്വാട്ട് ചെയ്ത് സ്റ്റാൾ സ്വന്തമാക്കിയ വ്യക്തികൾ ക്വാട്ട് ചെയ്ത മുഴുവൻ തുകയും കൂടാതെ ടി തുകയുടെ സർവ്വീസ് ടാക്സ്, സെക്യൂരിറ്റി ഡെപ്പോസിറ്റ്, പ്ലാസ്റ്റിക് ഡെപ്പോസിറ്റ് എന്നിവ അന്നുതന്നെ ഈ കാര്യാലയത്തിൽ അടയ്ക്കേണ്ടതും നിബന്ധന 4 പ്രകാരം ഉടമ്പടിയിൽ ഏർപ്പെടേണ്ടതുമാണ്. അല്ലാത്തപക്ഷം EMD സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും അടുത്ത തുക ക്വാട്ട് ചെയ്ത വ്യക്തിയെ പരിഗണിക്കുന്നതും ടിയാൻ അപ്പോൾ വിളിച്ച/ക്വാട്ട് ചെയ്ത ലേല സംഖ്യയും അതിന്റെ സർവ്വീസ് ടാക്സ്, സെക്യൂരിറ്റി ഡെപ്പോസിറ്റ്, പ്ലാസ്റ്റിക് ഡെപ്പോസിറ്റ് എന്നിവയും ഈ ഓഫീസിൽ ഒടുക്കേണ്ടതുമാണ്. അല്ലെങ്കിൽ ടിയാന്റെ EMD യും സർക്കാരിലേക്ക് കണ്ടുകെട്ടി മുതൽ കൂട്ടുന്നതാണ്. എല്ലാ വർഷവും കാലാവധിക്ക് ഒരു മാസം മുമ്പ് വർഷം തോറും പൈസ അടച്ച് ഉടമ്പടി പുതുക്കേണ്ടതാണ്. 3 വർഷത്തി നുള്ളിൽ അടുത്ത ഓരോ വർഷവും നിലവിലുള്ള വാടകയും അതിന്റെ 10% ആയതിന്റെ സർവ്വീസ് ടാക്സും ഈ കാര്യാലയത്തിൽ അടയ്ക്കേണ്ടതും സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പിടേണ്ടതുമാണ്.

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, മലമ്പുഴ, പാലക്കാട്.

(ഒപ്പ്)
എക്സിക്യൂട്ടീവ് എഞ്ചിനീയർ.